സെക്രട്ടേറിയറ്റിൽ കറൻറില്ലാതെ വരുന്നതായി പരാതി

1244 [1989] ശ്രീ. എം. കെ. കേശവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിൽ ഈ അടുത്ത കാലത്തായി കൂടെക്കൂടെ വിദ്യുച്ഛക്തി തകരാറുണ്ടാകുന്നത് ഗവൺമെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇതൊഴിവാക്കാൻ സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇതൊഴിവാക്കാൻ സത്വര നടപടികളും സ്വീകരിച്ചു കൊണ്ടിരിക്കുന്നു.

വിദ്യുച്ഛക്തി ബോർഡിനുള്ള കടം

1245 [1990] ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന് ആകെയുള്ള കടം എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) കടം കൊടുത്തു തീർക്കേണ്ടത് ആർക്കെല്ലാമാണ്;

(സി) ഡിബഞ്ചർ സ്കീമനുസരിച്ച് കടമെടുത്ത സംഖ്യക്ക് പലിശ മാത്രം കൊടുക്കുവാൻ എത്ര ലക്ഷം രൂപ വേണം?

ഉത്തരം

(എ) 291.25 കോടി രൂപ.

(ബി) കടം കൊടുത്തു തീർക്കാനുള്ളതിൻെറ പൂർണ്ണ വിവരം ചുവടെ ചേർക്കുന്നു.

1.	ഗവൺമെൻറ്	173.66 കോടി രൂപ
2.	പൊതു കടപ്പത്രം	
	ബോണ്ടുകൾ 75.35 കോടി രൂപ ഡിബഞ്ചർ 4.27 കോടി രൂപ	79.62 കോടി രൂപ
3.	എൽ. ഐ. സി.	28.89 കോടി രൂപ
4.	റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷൻ, ന്യൂഡൽഹി	8.99 കോടി രൂപ
5.	എ. ആർ. ഡി. സി. വിവിധ ബാങ്കുകൾ വഴി	0.09 കോടി രൂപ
	ആകെ	291.25 കോടി രൂപ

(സി) ഡിബഞ്ചർ സ്കീമനുസരിച്ച് കടമെടുത്ത തുകയ്ക്കു പലിശ കൊടുക്കാൻ പ്രതിവർഷം 32 ലക്ഷം രൂപ വേണം.

LIBRARY ARCHIVES Kerala Legislative Assembly